4612
5/3/18

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- തിരുവനന്തപുരം ഡിവിഷനിലെ കുളത്തുപ്പുഴ റെയിഞ്ചിൽ പൊന്മുടി സെക്ഷനിൽപ്പെട്ട ഇൻവർ കാർഡ് എസ്റ്റേറ്റിലെ അനധികൃത മരം മുറി- സർവ്വശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), ജെ.സേതുനാഥ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കെ.വിശ്വനാഥൻ, ഫോറസ്റ്റർ (റിട്ട), എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർ (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.75/2018/വനം തീയതി, തിരുവനന്തപുരം, 12.02.2018.

---

പരാമർശം:- 1) 01.03.2011 ലെ 3/എ 1/2011/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും, 18.04.2011 ലെ 3/എ 1/2011/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസും.

2) 19.07.2011 തീയതിയായി ശ്രീ.കെ.എ.നെബു, 12.08.2011 തീയതിയായി ശ്രീ.ജെ.സേതുനാഥ്, 28.05.2012 തീയതിയായി ശ്രീ.കെ.വിശ്വനാഥൻ, 16.08.2012 തീയതിയായി ശ്രീ.എ.മുഹമ്മദ് ഷാഫി എന്നിവർ സമർപ്പിച്ച വിശദീകരണം.

3) 17.12.2013 ലെ സ.ഉ.(സാധാ)നം.518/2013/വനം ഉത്തരവ്.

4) 27.01.2015, 20.12.2017 (തീയതികളിലെ) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-7017/07 നമ്പർ കത്തുകൾ.

5) 19.01.2016 ലെ 1406/എ 1/2015 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

6) 21.12.2017 തീയതീയായി ശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), 04.07.2016 തീയതീയായി ശ്രീ.ജെ.സേതുനാഥ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 22.12.2017 തീയതിയായി ശ്രീ.എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർ (റിട്ട) എന്നിവർ സമർപ്പിച്ച വിശദീകരണം.

## ഉത്തരവ്

തിരുവനന്തപുരം ഡിവിഷനിലെ കുളത്തുപ്പുഴ റെയിഞ്ചിൽ പൊന്മുടി സെക്ഷനിൽപ്പെട്ട ഇൻവർ കാർഡ് എസ്റ്റേറ്റിലെ അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് സർവ്വശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ജെ.സേതുനാഥ്, ഫോറസ്റ്റ് ഗാർഡ്, കെ.വിശ്വനാഥൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും ശ്രീ.എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർക്ക് (റിട്ട) സർക്കാർ നഷ്ടമായ

21,000/- രൂപയുടെ ആനുപാതിക വിഹിതമായ 6,099/- രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസും പരാമർശം (1) പ്രകാരം നൽകി.

2) സർവ്വശ്രീ.കെ.എ.നെബു, ജെ.സേതുനാഥ്, കെ.വിശ്വനാഥൻ എന്നിവർക്കെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

(i) കേരള വനം പരിസ്ഥിതി ദുർബല സ്ഥലങ്ങളുടെ നിക്ഷിപ്തമാക്കലും പരിചരണവും സംബന്ധിച്ച് 8/2000 നമ്പർ ഓർഡിനൻസ് പ്രകാരം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിരുന്ന ഇൻവർകാർഡ് എസ്റ്റേറ്റിൽ നിന്ന് അനധികൃതമായി വിവിധയിനം പാഴ്മരങ്ങളും 8 കമ്പക (Hopea Parviflora) മരങ്ങളും മുറിച്ച് നീക്കം ചെയ്തത് യഥാസമയം കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി.

(ii) ഇതുവഴി സർക്കാരിന് 21,000/- രൂപയുടെ നഷ്ടം സംഭവിച്ചു.

3) കുറ്റാരോപിതർ പരാമർശം (2) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിനും അന്വേഷണ പരിധിയിൽ റിട്ടയേർഡ് ഫോറസ്റ്റർ ശ്രീ.മുഹമ്മദ് ഷാഫിയെക്കൂടി ഉൾപ്പെടുത്തുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവായി.

4) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്:

8/2000 നമ്പർ ഓർഡിനൻസ് പ്രകാരം പരിസ്ഥിതി ദുർബലമായ പ്രദേശമായി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിരുന്ന ഇൻവർ കാർഡ് എസ്റ്റേറ്റിൽ നിന്ന്, വിവിധയിനം പാഴ്മരങ്ങളും, 8 കമ്പകമരങ്ങളും മുറിച്ച് നീക്കം ചെയ്തത്, യഥാസമയം കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി എന്ന ആരോപണം ഭാഗികമായി മാത്രം ശരിയാണ്. ടി സ്ഥലം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചത് 02.06.2000 മുതലാണ്. 21.05.2000-ൽ റെയിഞ്ചാഫീസർ ശ്രീ.കെ.എ.നെബു, കുളത്തുപ്പുഴ റെയിഞ്ചിൽ നിന്നും സ്ഥലം മാറിപ്പോയി. എന്നാൽ ബഹു.ഹൈക്കോടതിയുടെ 25.04.2000 ലെ ഉത്തരവിൽ പരാമർശിക്കാത്ത 8 കമ്പക മരങ്ങൾ മുറിച്ചത്, യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല എന്ന കുറ്റം നിലനിൽക്കുന്നുണ്ട്.

ടി പ്രവൃത്തികൾ മൂലം ഉണ്ടായ സർക്കാർ നഷ്ടത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ശ്രീ.കെ.എ.നെബുവിന് ഒഴിവാകുവാൻ പര്യാപ്തമായ സ്പഷ്ടമായ തെളിവുകൾ അന്വേഷണ വേളയിൽ ലഭ്യമാക്കിയിട്ടില്ല.

സർവ്വശ്രീ.ജെ.സേതുനാഥ്, ഫോറസ്റ്റ് ഗാർഡ്, കെ.വിശ്വനാഥൻ, ഫോറസ്റ്റ് ഗാർഡ്, എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർ എന്നിവരും കുറ്റകൃത്യം യഥാസമയം തടയുന്നതിനോ, തുടർ നിയമ നടപടികൾ സ്വീകരിച്ച് കുറ്റകൃത്യം മൂലമുണ്ടായ സർക്കാർ നഷ്ടം നികത്തുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിച്ചതായോ, വിചാരണ വേളയിൽ തെളിയിക്കപ്പെട്ടിട്ടില്ല. ടിയാന്മാർക്കും സർക്കാർ നഷ്ടത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നതിന് വിശ്വസനീയമായ വസ്തുതകളൊന്നും ഹാജരാക്കുവാൻ സാധിച്ചിട്ടില്ല.

5) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകളോട് യോജിച്ചിരിക്കുന്നതായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) ലെ 27.01.2015 ലെ കത്ത് പ്രകാരം അറിയിച്ചു.

6) അന്വേഷണത്തിൽ ടി ഉദ്യോഗസ്ഥർ സർക്കാർ നഷ്ടമായ 21,000/- രൂപയ്ക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തിയതിന്റെയും അതിന്മേലുള്ള ഭരണം വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ന്റെ ഡി.സി.ആർ.ജിയിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം 8,229/- രൂപ ഈടാക്കുന്നതിനും, പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം കുറവ് ചെയ്യുന്നതിനും, ശ്രീ.ജെ.സേതുനാഥ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറിൽ നിന്നും 3,903/- രൂപ ഈടാക്കുന്നതിനും, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് 6 മാസത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനും, ശ്രീ.കെ.വിശ്വനാഥൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ (റിട്ട) ഡി.സി.ആർ.ജി.യിൽ നിന്നും 3,903/- രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം ഈടാക്കുന്നതിനും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം കുറവ് ചെയ്യുന്നതിനും, ശ്രീ.എ.മുഹമ്മദ് ഷാഫി, സെക്ഷൻ ഫോറസ്റ്റ് ഓഫീസറിൽ (റിട്ട) നിന്നും 4,966/- രൂപ. കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 116 അനുസരിച്ച് സിവിൽ സ്യൂട്ട് വഴി ഈടാക്കുന്നതിനും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം 59(ബി) പ്രകാരം കുറവ് ചെയ്യുന്നിനും (പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്) തീരുമാനിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

7) പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സർവ്വീസിൽ തുടരുന്ന ശ്രീ.ജെ.സേതുനാഥിന്റെ കൈപ്പറ്റ് മാത്രം ലഭിക്കുകയും, ടിയാന്റെ വിശദീകരണമോ മറ്റ് മൂന്ന് കുറ്റാരോപിതരുടെ കൈപ്പറ്റോ/വിശദീകരണമോ ലഭ്യമാക്കാതെ വന്ന സാഹചര്യത്തിൽ അച്ചടക്ക നടപടിയിലെ കാലതാമസം ഒഴിവാക്കുന്നതിനായി ടിയാന്മാരെ നേരിൽ കേട്ട ശേഷം തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. തുടർന്ന് 21.12.2017 ൽ ടിയാന്മാരെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്നതിന് ശ്രീ.എ.മുഹമ്മദ് ഷാഫി ഒഴികെയുള്ള കുറ്റാരോപിതർ പങ്കെടുത്തു. അസുഖ ബാധിതനായതിനാൽ നേരിട്ട് ഹാജരാകാൻ പറ്റാത്ത അവസ്ഥയിലാണെന്ന് ശ്രീ.എ.മുഹമ്മദ് ഷാഫി അറിയിക്കുകയുണ്ടായി. കൂടാതെ തന്നെ കുറ്റവിമുക്തനാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

8) നേരിൽ കേട്ടപ്പോൾ കുറ്റാരോപിതരെല്ലാം തന്നെ പ്രസ്തുത മരംമുറി നടന്നതായി സമ്മതിച്ചു. പരിസ്ഥിതി ദുർബല സ്ഥലങ്ങളുടെ നിക്ഷിപ്തമാക്കലും പരിചരണവും സംബന്ധിച്ച 2000 ലെ ഓർഡിനൻസ് പ്രാബല്യത്തിൽ വന്നത് 02.06.2000 മുതലാണെന്നും, 21.05.2000

ൽ തന്നെ കുളത്തൂപ്പുഴ റെയിഞ്ചിൽ നിന്നും സ്ഥലം മാറിപോയതിനാൽ പ്രസ്തുത ഓർഡിനൻസ് പാലിച്ചില്ല എന്ന ആരോപണം ശരിയല്ലെന്നും ശ്രീ.കെ.എ.നെബു അറിയിച്ചു. മഹസ്സറിൽ മുറിച്ച മരങ്ങളുടെ കാലപ്പഴക്കം ആറുമാസമായി രേഖപ്പെടുത്തിയിരിക്കുന്നതിന് യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലെന്നും ടിയാൻ വാദിച്ചു. ഒ.ആർ കേസ് രജിസ്റ്റർ ചെയ്യുകയോ തുടർ നടപടി സ്വീകരിക്കുവാൻ മേലുദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചില്ലെന്നും ശ്രീ.സേതുനാഥ് അറിയിച്ചു. യഥാസമയം നിർദ്ദേശം മേലുദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിരുന്നുവെങ്കിൽ പ്രതികളെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് സാധിക്കുമായിരുന്നു എന്ന് ശ്രീ.വിശ്വനാഥനും വ്യക്തമാക്കി പരാമർശം (6) പ്രകാരം വിശദീകരണവും ലഭ്യമാക്കി.

9) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ മനഃപൂർവ്വമല്ലെങ്കിൽ കൂടി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കുറ്റാരോപിതർക്ക് വീഴ്ച സംഭവിച്ചു എന്ന് കണ്ടെത്തി. ഔപചാരിക അന്വേഷണത്തിലും അത് വ്യക്തമാക്കിയിട്ടുണ്ട്. മനഃപൂർവ്വമല്ലാത്ത വീഴ്ചയാണെന്ന പരിഗണന നൽകി സർവ്വശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(റിട്ട.), ജെ.സേതുനാഥ്, ഡെപ്യൂട്ടി ഫോറസ്റ്റ് ഓഫീസർ, കെ.വിശ്വനാഥൻ, ഫോറസ്റ്റർ (റിട്ട.), എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർ (റിട്ട.) എന്നിവരിൽ നിന്നും സർക്കാർ നഷ്ടം മാത്രം കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച പ്രകാരം ഈടാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
നാസറുദ്ദീൻ എ
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എ.നെബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)
ശ്രീ.ജെ.സേതുനാഥ്, ഫോറസ്റ്റ് ഗാർഡ്
ശ്രീ.കെ.വിശ്വനാഥൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട.)
ശ്രീ.എ.മുഹമ്മദ് ഷാഫി, ഫോറസ്റ്റർ (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ